**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 423** **05-07-2024 - ൽ മറുപടിയ്ക്ക്**

**കായിക വിദ്യാഭ്യാസം സ്കൂൾ കരിക്കുലത്തിന്റെ ഭാഗമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കായിക വിദ്യാഭ്യാസം സ്കൂൾ കരിക്കുലത്തിന്റെ ഭാഗമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്.<br><br>കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ കായിക വിദ്യാഭ്യാസം നിർബന്ധിത പാഠ്യ വിഷയമായി അംഗീകരിച്ചിട്ടുണ്ട്. ഇത് പ്രൈമറി മുതൽ ഹയർസെക്കൻഡറി വരെ ഉൾപ്പെടുത്തിയിട്ടുമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക പാഠ്യപദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. പ്രീപ്രൈമറി, പ്രൈമറി തലങ്ങളിൽ ഉദ്ഗ്രഥിത രീതിയിലാണ് കായിക വിദ്യാഭ്യാസം പഠിപ്പിക്കുന്നത്.<br><br>യു പി, ഹൈസ്കൂൾ തലങ്ങളിൽ പ്രത്യേക അക്കാദമിക സാമഗ്രികൾ തയ്യാറായി. 5 മുതൽ 10 വരെ ഓരോ ക്ലാസിലും ആക്ടിവിറ്റി ബുക്കുകൾ തയ്യാറാക്കി മുഴുവൻ കുട്ടികൾക്കും വിതരണം ചെയ്തിട്ടുണ്ട്. ഓരോ ക്ലാസിനും ടീച്ചർ ടെക്സ്റ്റുകൾ പ്രത്യേകമായി തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിലെ ഭാഷാ വൈവിധ്യമനുസരിച്ച് മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നട ഭാഷകളിൽ ബുക്കുകൾ പരിഭാഷപ്പെടുത്തി നൽകിയിട്ടുമുണ്ട്.<br><br>ലോവർ പ്രൈമറി സ്കൂളിലെ കുട്ടികൾക്ക് കായിക വിദ്യാഭ്യാസം നൽകാൻ ഹെൽത്തി കിഡ്സ് പദ്ധതി നടപ്പിലാക്കി വരികയാണ്. എൽ പി സ്കൂൾ പാഠ്യപദ്ധതിയിൽ കായിക വിദ്യാഭ്യാസം ഉൾപ്പെടുത്താൻ തീരുമാനിച്ച പ്രകാരം എസ് സി ഇ ആർ ടി മുഖേന അദ്ധ്യാപകർക്ക് ഹാന്റ് ബുക്ക് തയ്യാറാക്കി വിതരണം ചെയ്തു. അതിനായി കായികവകുപ്പ് 21 ലക്ഷം രൂപ എസ് സി ഇ ആർ ടിയ്ക്ക് കൈമാറിയിട്ടുണ്ട്. എൽ പി ക്ലാസിലേക്കുള്ള വർക്ക് ബുക്ക് തയ്യാറാക്കി വരികയാണ്. |

| | | | |
|---|---|---|---|
| (ബി) | സ്പോർട്സ് സ്കൂളുകൾക്കായി പ്രത്യേക പാഠ്യപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ; | (ബി) | നിലവിൽ കായിക വകുപ്പിന് കീഴിൽ 3 സ്പോർട്സ് സ്കൂളുകളും എസ്. സി/എസ്.ടി വകുപ്പിന് കീഴിൽ 2 കായിക വിദ്യാലയങ്ങളും ഉൾപ്പെടെ സംസ്ഥാനത്ത് ആകെ 5 കായിക വിദ്യാലയങ്ങളാണ് പ്രവർത്തിച്ചു വരുന്നത്. ഈ സ്കൂളുകളിലെ കുട്ടികൾ ദിവസവും അഞ്ചു മുതൽ ആറു മണിക്കൂർ വരെ കഠിനമായ കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരാണ്. പൊതുവിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയാണ് ഈ കുട്ടികളും പഠിക്കുന്നത്. ഇത് ഇവരുടെ കായിക പ്രകടനത്തെയും അക്കാദമിക നിലവാരത്തെയും സാരമായി ബാധിക്കുന്നുണ്ട്.<br><br>എല്ലാ സ്പോർട്സ് സ്കൂളിനും ബാധകമാകുന്നതും പൊതുപരീക്ഷാ സർട്ടിഫിക്കറ്റുകൾക്ക് തുല്യമാകുന്നതുമായ പ്രത്യേക പാഠ്യപദ്ധതി വികസിപ്പിക്കുന്നതിന് SCERTയെ ചുമതലപ്പെടുത്താൻ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 31.10.2022-ന് ചേർന്ന യോഗം തീരുമാനിച്ചിരുന്നു.<br><br>14/02/2024 ന് ബഹുമാനപ്പെട്ട പൊതു വിദ്യാഭ്യാസ, കായിക വകുപ്പ് മന്ത്രിമാരുടെ സംയുക്ത യോഗത്തിൽ സ്പോർട്സ് സ്കൂളുകളിൽ പ്രത്യേക പാഠ്യ പദ്ധതി നടപ്പാക്കുവാൻ തീരുമാനിച്ചു. സ്പോർട്സ് സ്കൂൾ പാഠ്യപദ്ധതി തയ്യാറാക്കാൻ എസ്.സി.ഇ.ആർ.ടിയെ ചുമതലപ്പെടുത്തി.<br><br>ഇതുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ എസ്.സി.ഇ.ആർ.ടി കേരളയുടെ നേതൃത്വത്തിൽ നടന്നുവരികയാണ്. സ്പോർട്സ് സ്കൂളുകളിൽ പ്രത്യേക പാഠ്യപദ്ധതി നടപ്പിലാക്കുമ്പോൾ നിലവിലെ ജനറൽ വിഭാഗത്തിലെ കുട്ടികൾക്കായി തയ്യാറാക്കുന്ന പാഠപുസ്തകത്തിൽ ഉൾപ്പെടുന്ന ഉള്ളടക്ക ഭാഗങ്ങളോടൊപ്പം സ്പോർട്സുമായി ബന്ധപ്പെട്ട ആശയങ്ങളും സന്ദർഭങ്ങളും ഉദാഹരണങ്ങളും ഉൾപ്പെടുത്തും. ഇതിലൂടെ പത്താം ക്ലാസിലും പന്ത്രണ്ടാം ക്ലാസിലും പഠനം പൂർത്തിയാക്കുന്ന കുട്ടികൾക്ക് ജനറൽ കുട്ടികൾക്ക് സമാനമായ സർട്ടിഫിക്കറ്റ് നൽകുവാനും സാധിക്കും.<br><br>സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്ക് അനുയോജ്യമായ പ്രത്യേക പാഠ്യപദ്ധതി നടപ്പാക്കാൻ കരിക്കുലം കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. സ്പോർട്സ് സ്കൂൾ കരിക്കുലം തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കായിക വകുപ്പ് പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുമുണ്ട്. സ്പോർട്സ് സ്കൂളുകളിൽ പ്രത്യേക കരിക്കുലം |

| | | | |
|---|---|---|---|
| | | | രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് 06.06.2024 ൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. യോഗ തീരുമാന പ്രകാരം പ്രാഥമികമായി 11.07.2024 ന് ഏകദിന ആശയരൂപീകരണ ശിൽപ്പശാല സംഘടിപ്പിക്കുമെന്ന് എസ് സി ഇ ആർ ടി അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രൈമറി വിദ്യാർത്ഥികളുടെ മാനസിക, ശാരീരിക കഴിവുകൾ മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും കായികയുവജനകാര്യാലയം മുഖേന ആവിഷ്കരിച്ച് സ്കൂളുകളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ഹെൽത്തി കിഡ്സ്. ഈ പദ്ധതിയിലൂടെ കുട്ടികളെ അവരുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നു. പ്രൊഫഷണൽ ഗെയിമുകളുടെ അടിസ്ഥാനകാര്യങ്ങളിലേക്ക് അവരെ പരിചയപ്പെടുത്തി അങ്ങനെ സ്പോർട്സിലും ഗെയിമുകളിലും പ്രത്യേക താത്പര്യമുള്ളവരാക്കുന്നു. ഇതിലൂടെ ആരോഗ്യമുള്ളതും ഉത്തരവാദിത്തമുള്ളതുമായ പൗരന്മാരുടെ അടുത്ത തലമുറയെയാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കായികയുവജനകാര്യാലയം വിദ്യാഭ്യാസ വകുപ്പിന്റെയും എസ്.സി.ഇ.ആർ.റ്റി. യുടെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.<br><br>1 മുതൽ 4 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ സമഗ്രമായ ആരോഗ്യകായിക വിദ്യാഭ്യാസ പരിപോഷണത്തിനായി ഹെൽത്തി കിഡ്സ് എന്ന പേരിൽ എസ്.സി.ഇ.ആർ.റ്റി. ഒരു ഗവേഷണ പഠനം പൂർത്തിയാക്കുകയും ഇതിന്റെ ഭാഗമായി 7000 ഹാന്റ്ബുക്കുകൾ പ്രിന്റ് ചെയ്ത് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിനായി കായിക വകുപ്പ് 21 ലക്ഷം രൂപ എസ്.സി.ഇ.ആർ.ടി.-യ്ക്ക് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ